**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഇന്ധന കള്ളക്കടത്ത് മൂലമുള്ള നികുതി ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇന്ധന കള്ളക്കടത്ത് മൂലം നികുതി ചോർച്ച വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2023 ഡിസംബർ 31 വരെ സംസ്ഥാന നികുതി വകുപ്പ് ഇത്തരത്തിലുള്ള എത്ര കേസ് പിടികൂടി, വെട്ടിപ്പിന്റെ വ്യാപ്തി, ഈടാക്കിയ നികുതി, പിഴ, പലിശ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് ഇന്ധന കള്ളക്കടത്ത് നടത്തുന്നവരെ കണ്ടെത്തി ഉചിതമായ നടപടികൾ സംസ്ഥാന ജി.എസ്.ടി വകുപ്പ് സ്വീകരിക്കുന്നുണ്ട്.<br><br>തിരുവനന്തപുരം മേഖലയിൽ നിന്ന് 2023 ഡിസംബർ 31 വരെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് 6 കേസുകൾ പിടികൂടുകയും (LPG) പിഴയായി 0.93 ലക്ഷം രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മേഖലയിൽ നിന്ന് 2023 ഡിസംബർ 31 വരെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് 24 ഇന്ധന കള്ളക്കടത്ത് കേസുകൾ കണ്ടെത്തുകയും ആയതിന്മേൽ 65.68 ലക്ഷം രൂപ നികുതി, സെക്യൂരിറ്റി, ഡെപ്പോസിറ്റ് ഇനങ്ങളിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>എറണാകുളം മേഖലയിലെ ഇന്റലിജൻസ് യൂണിറ്റ് ഇന്ധനങ്ങളുടെ അനധികൃത വില്പനയുമായി ബന്ധപ്പെട്ട് 85 കേസുകളിലായി ഏകദേശം 450 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ